# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*


No.89/PR/PIC/PHQ/17                                        Date : 26.04.2017

---

## ഗുണ്ടാ സംഘങ്ങൾക്കും ഗുരുതരകുറ്റകൃത്യങ്ങൾ ചെയ്തവർക്കുമെതിരെയുള്ള നടപടി: ഒരാഴ്ച്ചയ്ക്കുള്ളിൽ 1026 പേർ അറസ്റ്റിൽ

ഗുണ്ടാസംഘങ്ങൾക്കും സാമൂഹിക വിരുദ്ധർക്കും ഗുരുതര കുറ്റകൃത്യങ്ങൾ ചെയ്തവർക്കുമെതിരെയുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ ഏപ്രിൽ 16 മുതൽ 22 വരെ 1026 പേർ അറസ്റ്റിലായി. തിരുവനന്തപുരം റേഞ്ചിൽ 185 പേരും, കൊച്ചി റേഞ്ചിൽ 516 പേരും, തൃശൂർ റേഞ്ചിൽ 184 പേരും, കണ്ണൂർ റേഞ്ചിൽ 141 പേരുമാണ് അറസ്റ്റിലായത്. ജില്ല തിരിച്ചുള്ള കണക്കുകൾ: തിരുവനന്തപുരം സിറ്റി 109, തിരുവനന്തപുരം റൂറൽ 44, കൊല്ലം സിറ്റി 10, കൊല്ലം റൂറൽ 19, പത്തനംതിട്ട 03, ആലപ്പുഴ 63, കോട്ടയം 49, ഇടുക്കി 33, കൊച്ചി സിറ്റി 247, എറണാകുളം റൂറൽ 124, തൃശൂർ സിറ്റി 61, തൃശൂർ റൂറൽ 61, പാലക്കാട് 37, മലപ്പുറം 25, കോഴിക്കോട് സിറ്റി 17, കോഴിക്കോട് റൂറൽ 27, കണ്ണൂർ 34, വയനാട് 17, കാസർഗോഡ് 46. ഇതിന്റെ ഭാഗമായി 1111 കേസുകൾ രജിസ്റ്റർ ചെയ്തു.

കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള POCSO ആക്ട് പ്രകാരം 26 പേർ അറസ്റ്റിലായി. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട് ഐ.പി.സി 376 വകുപ്പ് പ്രകാരം 23 പേർ അറസ്റ്റിലായി. അബ്കാരി ആക്ട്, ലഹരി വസ്തു വിപണനവിരുദ്ധ നിയമം, അനധികൃത മണൽ ഖനനം, എക്സ്പ്ലോസീവ്സ് ആക്ട് തുടങ്ങിയവയുമായി ബന്ധപ്പെട്ട് 736 പേരും അറസ്റ്റിലായി.

ഗുണ്ട-റൗഡി ലിസ്റ്റിൽ പെട്ട് ഒളിവിൽ കഴിയുന്നവരും ക്രമസമാധാനത്തിന് ഭീഷണി ഉയർത്തുന്നവരുമായി ഗുണ്ടകൾ ഉൾപ്പെടെ 118 പേർ അറസ്റ്റിലായി. ഇതിൽ 109 പേർ അക്രമം, വധശ്രമം, കൊലപാതകം, തട്ടിക്കൊണ്ടുപോകൽ തുടങ്ങി ഐ.പി.സി 326, 308, 307, 302, 356, 365 കേസുകളുമായി ബന്ധപ്പെട്ട് അറസ്റ്റിലായവരാണ്. (Absconding history sheeters - 3,COFEPOSA- 6, Sections 326, 308, 307 302 , 356 and 365 - 109).

കവർച്ച, മോഷണം, കൊള്ള തുടങ്ങിയവയുമായി ബന്ധപ്പെട്ട് (ഐ.പി.സി 379, 380, 392, 394, 395, 397 സെക്ഷനുകൾ) 50 പേർ പിടിയിലായി. സി.ആർ.പി.സി 107 പ്രകാരം കുറ്റകൃത്യങ്ങൾ തടയുന്നതിനും നല്ല നടപ്പിനുമായി 69 പേരും അറസ്റ്റിലായി.

**************